GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

08-06-2021

## കാർഷികവാർത്തകൾ

1. **ഹോർട്ടികോർപ്പിൽ നാടൻ പച്ചക്കറി ചന്ത -തിങ്കൾ മുതൽ വെള്ളി വരെ**. ലോക്ക്ഡൗൺ മൂലം വിപണി നഷ്ടപ്പെട്ട കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില നൽകുവാൻ കോഴിക്കോട് ഹോർട്ടിക്കോർപ് ഈ മാസം 11 വരെ നാടൻ പച്ചക്കറികൾക്കായി ചന്ത സംഘടിപ്പിക്കുന്നു. ഹോർട്ടികോർപിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, അത്തോളി, കൊയിലണ്ടി, എലത്തൂർ, തോടന്നൂർ, വില്യപ്പള്ളി, മൊകേരി, തണ്ണീർപ്പന്തൽ (ആയഞ്ചേരി) എന്നി സ്റ്റാളുകളിൽ ലഭ്യമാകും. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, ഇടുക്കി, എറണാകുളം ജില്ലകളിലെ കർഷകരിൽ നിന്ന് സംഭരിച്ച വെണ്ട, പയർ, പടവലം, എളവൻ, വെള്ളരി ബീറ്റ്റൂട്ട്, വഴുതിന, ചേന, ഇഞ്ചി, മരച്ചീനി, തക്കാളി, മാമ്പഴം, പപ്പായ, പൈനാപ്പിൾ നേന്ത്രക്കായ,നേന്ത്ര പഴം,ഞാലി പൂവൻ,മൈസൂർ പൂവൻ ക്യാരറ്റ്,ക്യാബേജ്,ഉരുള കിഴങ്ങ്,ബീൻസ് തുടങ്ങിയവ കൂടാതെ ഡ്രാഗൺ ഫ്രൂട്ട് ,മൂന്നാർ ഓറഞ്ച്,പാഷൻ ഫ്രൂട്ട്,ബട്ടർ ഫ്രൂട്ട് അപൂർവ ഇനം പഴങ്ങളും ന്യായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭിക്കും.

2. **കൃഷി വായ്പ തിരിച്ചടവ് കാലാവധിയിൽ ഇളവ്- അഞ്ച് ലക്ഷം കർഷകർക്ക് ഗുണം**. മാർച്ച് ഒന്നിനു ശേഷം കുടിശ്ശികയാകുന്ന കൃഷി വായ്പകൾ ഈ മാസം 30 നുള്ളിൽ പുതുക്കിയാലും കൃത്യമായ സമയത്തെ തിരിച്ചടവിന് നൽകുന്ന മൂന്ന് ശതമാനം പലിശയിളവ്, പൊതുവായി നൽകുന്ന രണ്ട് ശതമാനം പലിശയിളവ് എന്നിവ അനുവദിക്കും. മൂന്നു ലക്ഷം രൂപ വരെയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് വായ്പകളാണ് ഇത് ബാധകം.

3. **കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ** (കെപ്കോ) യിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ബി. വി 380 ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ട കോഴി കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൊട്ടിയം 9495000923, മാള 9495000919, തിരുവനന്തപുരം 0471- 2478585, 7510407930, 9495000915 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ 5 മണി വരെ

4. **പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക** എന്ന ലക്ഷ്യത്തോടെ ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്ന മിൽക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ അവസരം. പദ്ധതിയുടെ ഭാഗമായി ഗോധനം (സങ്കര വർഗ്ഗം, നാടൻ പശു), രണ്ട് പശു യൂണിറ്റ്, അഞ്ചു പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. താല്പര്യമുള്ള ക്ഷീരകർഷകർ ജൂൺ 15 നകം അതത് ക്ഷീര വികസനയൂണിറ്റുകളിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീര വികസനയൂണിറ്റുകളുമായി ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

1. **പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ** ഓൺലൈൻ പരിശീലനങ്ങൾ ഇന്ന് (ജൂൺ 8) മുതൽ നടത്തുന്നു. ഇന്ന് പഴം പച്ചക്കറി വിളകളുടെ പോഷക പരിപോഷണം, നാളെ മുട്ടക്കോഴി നഴ്സറികളുടെ ശാസ്ത്രീയ പരിചരണം, 10 ന് കുറ്റിക്കുരുമുളക് കൃഷി, 11 ന് ആഫ്രിക്കൻ ഒച്ചുകളുടെ ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾഎന്നീ വിഷയങ്ങളിലാണ് പരിശീലനം. പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ അതാതു ദിവസങ്ങളിൽ

രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക

2. **കേരള കാർഷിക സർവ്വകലാശാലയുടെ നാളികേര ഗവേഷണകേന്ദ്രം,** ബാലരാമപുരം , ' നാളികേര കൃഷി - അറിയേണ്ടതെല്ലാം' എന്ന വെബിനാർ പരമ്പരയിൽ കർഷകർക്കായി ഇന്ന് രാവിലെ 11 മണിക്ക് "നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കലും നടീലും" എന്ന വിഷയത്തിൽ ഡോ. കെ. പ്രതാപൻ നയിക്കുന്ന ഗൂഗിൾ മീറ്റ് ഉണ്ടായിരിക്കുന്നതാണ്. നാളെ (9.6.2021) ന് "ശാസ്ത്രീയ വളപ്രയോഗം" എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് ഉണ്ടായിരിക്കുന്നതാണ്

3. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്ര**ത്തിൽ വച്ച് ഇന്ന് ഇറച്ചിക്കോഴിവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് കർഷകർ **0471-2732918, 9188522701**എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

4. **ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ** ആഭിമുഖ്യത്തിൽ ഇന്ന് (08.06.2021) രാവിലെ 11 മണിക്ക് 'കുരുമുളകിലെ കീടനിയന്ത്രണം' എന്ന വിഷയത്തിൽ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ദിവ്യ കെ.കെ യുടെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിൽ പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

5. **ക്ഷീരവികസന വകുപ്പിലെകോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ** വച്ച് നാളെ (09.06.2021) രാവിലെ 10.30 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി കന്നുകുട്ടി പരിപാലനത്തെ സംബന്ധിച്ച് ഗൂഗിൾമീറ്റ് മുഖേന പരിശീലനപരിപാടി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കാൻ താല്പര്യമുള്ള ക്ഷീരകർഷകർ നാളെ രാവിലെ 10.30 ന് ഗൂഗിൾമീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ** വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഈ മാസം ഇന്ന് വൈകിട്ട് 5.00 മണിക്ക് 'സൂക്ഷ്മ ഇടത്തരം മാംസസംസ്കരണസംരംഭങ്ങൾ' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ബി. സുനിലിന്റെ ആമുഖഭാഷണവും തുടർന്ന് അസോസിയേറ്റ് പ്രൊഫസർ ഡോ. വി എൻ. വാസുദേവന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. നാളെ(09-06-2021 ന്) 'മഴക്കാലരോഗങ്ങളും പ്രതിരോധമാർഗങ്ങളും' എന്നതാണ് പ്രഭാഷണ വിഷയം. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് -9446625160 / 9895213500.

7. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ്** മൂന്നുദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു.പരിശീലനം ഈ മാസം 09 മുതൽ 11 വരെ നടത്തും. പരിശീലനസമയം എല്ലാ ദിവസവും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ആയിരിക്കും.പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

8. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ** നിന്നും ഇന്ന് (08.06.2020) രാവിലെ 11.30 മണിക്ക് 'ചക്കയും മൂല്യവർദ്ധിത ഉത്പന്നങ്ങളും' എന്ന വിഷയത്തിൽ സബ്ജക്ട്മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. ദേവിക ഐ ഓൺലൈൻ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. നാളെ (09.06.2021) 'ശാസ്ത്രീയ കൂൺകൃഷി' എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. **മലമ്പുഴ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പരിശീലനകേന്ദ്രത്തിൽ** ഇന്ന് (08.06.2021) രാവിലെ 10 മണി മുതൽവൈകിട്ട് 5 മണി വരെ 'മുട്ടക്കോഴി വളർത്തൽ' എന്നവിഷയത്തിൽ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൗജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിനെ കുറിച്ച് കൂടുതൽവിവരങ്ങൾക്ക് 9188522713 എന്ന വാട്സ്ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

### 6. നാളീകേരകർഷകരുടെ ശ്രദ്ധയ്ക്ക്

കാലവർഷത്തിനുമുന്നോടിയായുള്ളവേനൽമഴ ആവശ്യത്തിന് ലഭിക്കുകയും കാലവർഷം നേരത്തെ ആരംഭിക്കുകയും ചെയ്താൽ മഴയെ മാത്രം ആശ്രയിക്കുന്ന തോട്ടങ്ങളിലെ തെങ്ങുകൾക്ക്ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെമൂന്നിലൊന്ന് മെയ് മാസം അവസാനത്തോടെ തടത്തിൽ ചേർത്ത്കൊടുക്കാവുന്നതാണ്. പക്ഷേ മഴ തുടർച്ചയായി ലഭിക്കുന്ന സാഹചര്യത്തിൽ മഴ കുറയുന്നത് വരെ തെങ്ങുകളിൽ വള പ്രയോഗം നടത്താൻ പാടില്ല.

- തെങ്ങുകളിൽ കൂമ്പ് ചീയൽ രോഗം ബാധിക്കാൻ ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് നിലനിൽക്കുന്നത്. മഴ കുറഞ്ഞുടനെ തന്നെ ഇനി പറയുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്
- തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവളകളിൽ വൃത്തിയാക്കുക.
- 1% വീര്യമുള്ള ബോർഡോ മിശ്രിതം നമ്പോലയിലും ചുറ്റുമുള്ള ഓലകളിലും തളിക്കുക.

- സുഷിരങ്ങൾ ഇട്ട പോളിത്തീൻ പായ്ക്കുകളിൽ 5 ഗ്രാം മാൻകോസീബ്ബ് എന്ന കുമിൾനാശിനിനാമ്പോലക്ക് തൊട്ട് താഴെയുള്ള 2-3 ഓല കവിളുകളിൽ വയ്ക്കുക.
- അഥവാ രോഗബാധ ഉണ്ടെങ്കിൽ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ചു മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10% വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക. ഈ ഭാഗം അടുത്ത പുതു നാമ്പ് ഉണ്ടാകുന്നത് വരെ പോളിത്തീൻ ഷീറ്റ് കൊണ്ട് പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു